بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 20/05/2016

**(13 SHABAAN 1437 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## WOMEN FOLK IN ISLAM : PART 1 / ഇസ്ലാമിലെ സ്ത്രീജനം : ഭാഗം 1

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം ഇസ്ലാമിലെ സ്ത്രീജനം എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം ആരംഭിച്ചു. മാനവ പരിഷ്കാര ആരംഭത്തിലെ പുരുഷനും സ്ത്രീയും തമ്മിൽ പദവിയിൽ വല്ല വ്യത്യാസവുമുണ്ടായിരുന്നോ എന്ന കാര്യത്തിൽ ചരിത്രം മൗനം അവലംബിക്കുകയാണ്. എന്നാൽ പിന്നീടുള്ള ചരിത്രത്തിൽ, സ്ത്രീയെ പദവിയിൽ പുരുഷനെക്കാൾ താഴ്ന്നവൾ എന്ന് കണക്കാക്കപ്പെട്ടിരുന്നു. സ്ത്രീ താഴ്ന്നവളാണ് എന്ന ആശയം വളർത്തിയെടുക്കാൻ കാരണം, പുരുഷൻ സ്ത്രീയുടെ മേൽ പൂർണ്ണമായ മേൽക്കോയ്മ സ്ഥാപിക്കുകയും, മാത്രമല്ല അവന് സ്ത്രീയെ, അവൻ ഇഷ്ടപ്പെടുന്ന നിലയിൽ അപഹരിക്കുവാനും ഉപയോഗിക്കുവാനും ജോലി ചെയ്യിക്കുവാനുമുള്ള, അവകാശം ഉണ്ടെന്നു വാദിക്കുകയുമായിരുന്നു. ലോക ചരിത്രത്തെ, ഈ വാദമുഖത്തിന്റെ വെളിച്ചത്തിൽ നാം അപഗ്രഥിക്കുകയാണെങ്കിൽ, നമുക്ക് കണ്ടെത്തുവാൻ കഴിയും. അതായത് യൂറോപ്പ് ക്രിസ്തുമതത്തിന് മുൻപ്, ഗ്രീസ്, വളരെക്കാലം അറിവിന്റെയും പഠനത്തിന്റെയും കേന്ദ്രമായിരുന്നു. പിൽക്കാല യൂറോപ്പിന്, ശാസ്ത്രീയ ഉത്തേജനവും, തത്വചിന്തയും പ്രദാനം ചെയ്തത് ഗ്രീസായിരുന്നു. അപ്പോൾ സത്രീക്ക് പുരുഷനെക്കാൾ തീർച്ചയായും താണസ്ഥാനമാണ് നൽകിയത് എന്നത് ഉറപ്പാണ്. രാജ്യത്തിനുവേണ്ടി പൗരൻമാരെയും പട്ടാളക്കാരെയും (സൈന്യത്തിന്) പെറ്റു വളർത്തുന്ന ലക്ഷ്യത്തിനുവേണ്ടി മാത്രം നിലനിൽക്കുന്ന പ്രയോജനമുള്ള ഒരു ജീവിയാണ് സ്ത്രീ എന്നതായിരുന്നു ധാരണ. അവരുടെ അഭിപ്രായ പ്രകാരം സ്ത്രീ എല്ലാ വിധ നന്മകളിൽ നിന്നും ആട്ടിയോടിക്കപ്പെട്ടവളായിരുന്നു. പകരം പലവിധ തിന്മകളുടെയും ഉറവിടമായിരുന്നു. ഇത്തരം തരം താണ സങ്കൽപ്പങ്ങൾ, ധാർമ്മിക അധഃപതനത്തിലേക്ക് നയിക്കുകയും, അത് ഗ്രീക്ക് സമുദായത്തെ നാശത്തിന്റെ വക്കിലെത്തിക്കുകയും ചെയ്തു. ഗ്രീക്ക് ചരിത്രത്തിൽ ധർമ്മിഷ്ഠകളായ സ്ത്രീകളുടെ പേരുകൾ വിരളമാണ്.

ഇസ്ലാമിന് മുമ്പുള്ള അറേബ്യയിൽ, സ്ത്രീത്വത്തെക്കുറിച്ചുള്ള പൊതുധാരണ, തരംതാണ നിലയിൽ തന്നെയായിരുന്നു. കുടുംബത്തിന് മാനഹാനി വരുത്തുന്നവളായിട്ടാണ്, അവളുടെ നിലനിൽപ്പിനെക്കുറിച്ച് അവർ കരുതിയ്ത്. പെൺശിശുഹത്യ വ്യാപകമായിരുന്നു. മരണത്തിൽ നിന്ന് രക്ഷപ്പെട്ട സ്ത്രീകളെ സ്വാഗതാർഹമല്ലെങ്കിലും സഹിക്കപ്പെട്ടിരുന്നു. ഒരു അറബി സ്ത്രീക്ക് യാതൊരു അവകാശങ്ങളും ഉണ്ടായിരുന്നില്ല. അവൾക്ക് അനന്തരാവകാശ സ്വത്ത് ലഭ്യമല്ലായിരുന്നു. അവളുടെ ഭർത്താവിന്റെ അനന്തരാവകാശിക്ക് വന്നു ചേരുന്ന ഒരു ഭാഗമായിട്ട് മാത്രമേ അവളെ അവർ കരുതിയിരുന്നുള്ളൂ. അപ്രകാരം വന്നുകിട്ടുന്ന ആൾക്ക്, അവൾക്ക് ഇഷ്ടമല്ലെങ്കിൽകൂടി, അവളെ വിവാഹം കഴിക്കാമായിരുന്നു. അറബികളുടെ പുത്രൻമാരുടെ രണ്ടാനമ്മമാരെയും മറ്റുള്ളവരെയും യഥേഷ്ടം വിവാഹം കഴിക്കുന്ന സംസ്കാര ശൂന്യമായ പ്രവർത്തനങ്ങളും അവരിൽ നിലനിന്ന സംസ്കാര തകർച്ചയുടെ ആഴം കാണിക്കുന്നു. ബഹു ഭാര്യാത്വം സാർവ്വത്രികമായിരുന്നു. അതിന് യാതൊരു നിയന്ത്രണവുമില്ലായിരുന്നു. അതുപോലെ തന്നെ വിവാഹമോചനം, പുരുഷൻ ആഗ്രഹിക്കുമ്പോൾ, എപ്പോൾ വേണമെങ്കിലും നടത്താവുന്നതാണ്. ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ ആഗമന സമയത്ത് ഇതായിരുന്നു ലോകത്ത് സ്ത്രീകളുടെ അവസ്ഥ. സ്ത്രീത്വത്തിന്റെ സംരക്ഷകനായ പ്രവാചകൻ (സ), അറേബ്യയിൽ നിലയുറപ്പിച്ചുകൊണ്ട്, പ്രപഞ്ച രക്ഷിതാവിൽ നിന്നുള്ള ദിവ്യമായ വെളിപാടുകളിലൂടെ പ്രഖ്യാപിച്ചു. പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ചത് അല്ലാഹുവാണ്. അവർ ഇരുവരെയും അവൻ സ്നേഹിക്കുന്നു. അദ്ദേഹം ലോകത്തെ ഉണർത്തി! സ്ത്രീകൾ പുരുഷന്മാരെപോലെയാണ്, അവർ ഇരുവർക്കും തുല്യമായ അവകാശങ്ങളാണ്. ജീവിതത്തിൽ ഇരുവർക്കും തുല്യമായ ബഹുമാനവും തുല്യമായ പദവിയുമുണ്ട്. പുരുഷൻമാരുടെ ധനമായി ഒരു കാരണവശാലും സ്ത്രീയെ

കണക്കാക്കാൻ പാടില്ല. പുരുഷൻമാർക്കുള്ളതുപോലെ സ്ത്രീകൾക്കും ധനത്തിൽ ഉടമസ്ഥാവകാശവും, അവകാശങ്ങളുമുണ്ട്. പുരുഷന്മാർക്കുള്ള അതേ അളവിലല്ല അത് നിശ്ചയിച്ചിരിക്കുന്നതെങ്കിലും. എന്നാൽ ഇസ്ലാം അതിന് തക്കതായ കാരണം മുന്നോട്ട് വയ്ക്കുന്നു. പുരുഷനും സ്ത്രീക്കും നൽകുന്ന ഓഹരികൾ സംബന്ധമായി വിശിഷ്യാ അനന്തരാവകാശമായി ലഭിക്കുന്ന സ്വത്ത് സംബന്ധമായി ! മാതാപിതാക്കൾ മരണ പ്പെട്ടാൽ അവരുടെ സ്വത്തുക്കളിൽ 2/3 പുരുഷനും 1/3 സ്ത്രീക്കും ലഭിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ പല പ്രാവശ്യം ഞാൻ വിശദീകരിച്ചതുപോലെ, മരണപ്പെട്ടുപോയ മാതാപിതാക്കളുടെ വസ്തുവകകൾ വീണ്ടും ഈ രീതിയിൽ വിഭജനം നടത്തുമ്പോൾ, അതൊരു സമ്പൂർണ്ണമായ ഭാഗം ചെയ്യൽ തന്നെയാണ്; അതൊരു മഹത്തായ പങ്കുവയ്ക്കലാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, പുരുഷന് രണ്ട് ഉത്തരവാദിത്വങ്ങളാണ്, അവന് അവന്റെ ഇണയേയും, അവന്റെ കുടുംബത്തേയും സംരക്ഷിക്കണം. അവന് 2/3 സ്വത്ത് ലഭിക്കുന്നുവെ ങ്കിൽ, അവൻ വിവാഹിതനാകുമ്പോൾ, അപ്പോൾ അവന്റെ ഭാര്യ 1/3 ഓഹരി കൊണ്ടുവരും. അപ്പോൾ അങ്ങനെ ഭാര്യക്കും ഭർത്താവിനും കൂടി ഒരു മുതൽ എന്ന നിലയിൽ, അനന്തരാവകാശത്തിന്റെ പൂർണ്ണ ഓഹരിയും അതായത് 3/3 ഉം ലഭിക്കുന്നു. മാതാപിതാക്കളുടെ മരണശേഷം ചില സഹോദരന്മാർ, ചിലപ്പോൾ, അവരുടെ സഹോദരിമാരെ കബളിപ്പിക്കാറുണ്ട്. രേഖകളിൽ ഒപ്പിട്ടാൽ നമ്മുടെ മാതാപിതാക്കൾ ഉപേക്ഷി ച്ചുപോയ അനന്തരാവകാശ സ്വത്തുക്കൾ എല്ലാം ഞാൻ എടുക്കാം. നിനക്ക് (സഹോദരിക്ക്) അതിന് പകരം അതിന്റെ വില പണരൂപത്തിൽ തരാം. എന്നാൽ പലപ്പോഴും സഹോദരന്മാർ, സഹോദരിമാരോട് ചെയ്യുന്ന ആ വാഗ്ദാനം പാലിക്കാറില്ല. അങ്ങനെ അവർക്ക് ലഭിക്കേണ്ട അനന്തരാവകാശ സ്വത്ത് ലഭിക്കാതെ വരു ന്നു. ചില സഹോദരങ്ങൾ, പിന്നീട് തന്ന് തീർക്കാം എന്ന് പറഞ്ഞ് നീട്ടികൊണ്ടു പോകുകയും, അത്തരം സഹോദരങ്ങൾ തങ്ങളുടെ വാക്കുകൾ പാലിച്ചുഎന്ന് ഉറപ്പു വരുത്തേണ്ടതാണ് ; ചിലപ്പോൾ, ചില സന്ദർഭ ത്തിൽ ജീവിതത്തിൽ ദൗർഭാഗ്യം കടന്നുവരാം; അപ്പോൾ അവരുടെ സഹോദരിമാർക്ക് അതുകൊടുത്തു തീർക്കാൻ കഴിയാതെ വരാം. അപ്പോൾ ആ അവസ്ഥയിൽ അവർ മരണപ്പെട്ടാൽ അതൊരു കടമായി കിട ക്കുകയും ചെയ്യുന്നതാണ്.

ഇസ്ലാം, വിൽപത്രം തയ്യാറാക്കി സാക്ഷികളെയും വയ്ക്കുവാൻ മുസ്ലീങ്ങളെ പ്രേരിപ്പിക്കുന്നു. അവ രുടെ മരണശേഷം അനന്തരാവകാശികളിൽ ഒരു പ്രശ്നവും ഉണ്ടാകാതിരിക്കും. പരിശുദ്ധപ്രവാചകൻ മുഹ മ്മദ് (സ) തങ്ങളുടെ മരണപ്പെട്ട മാതാപിതാക്കൾക്ക് വല്ല കടവും ഉണ്ടോ എന്ന് അന്വേഷിക്കുവാനും, അപ്ര കാരം കടമുണ്ടെങ്കിൽ അത് കൊടുത്തു തീർക്കുവാൻ അനന്തരാവകാശികളെ പ്രേരിപ്പിക്കുകയും ചെയ്തി രുന്നു. ചിലപ്പോൾ ഭാര്യയുടെ കുടുംബക്കാർ ധനസമൃദ്ധി ഉള്ളവരാണെങ്കിൽ, മാതാപിതാക്കളുടെ മരണശേഷം ലഭിക്കുന്ന സ്വത്തുക്കൾ, ഭർത്താവിന് ലഭിക്കുന്ന 2/3 സ്വത്തിനേക്കാൾ കൂടുതലാകാം! നിസ്സംശയം ! ഈ ഓഹരി വയ്ക്കൽ തത്വത്തിന് കീഴിൽ, സ്ത്രീകൾക്ക് ചില പ്രത്യേക ഉത്തരവാദിത്വങ്ങൾ ജീവിതത്തിൽ നിറ വേറ്റുവാനുണ്ട്, പുരുഷൻമാർക്കും അവരുടേതായ ഉത്തരവാദിത്വങ്ങളുണ്ട്.

ജീവിതത്തിൽ, സ്ത്രീജനം, പ്രധാനമായും മൂന്ന് അവസ്ഥകളിലൂടെ കടന്നുപോകേണ്ടതുണ്ട്. പുത്രി എന്ന നിലയിലും, ഭാര്യ എന്ന നിലയിലും, മാതാവ് എന്ന നിലയിലും. **(1) പുത്രി എന്ന നിലയിൽ :–** ഇസ്ലാ മിന് മുമ്പുള്ള നിർദ്ദയ ആചാരമായ പെൺശിശുഹത്യയെ സ്പഷ്ടമായ നിലയിൽ ഇസ്ലാം തള്ളിപ്പറയുന്നു. എന്നിട്ട് ഇസ്ലാം കൽപ്പിക്കുന്നു. നിങ്ങൾ നിങ്ങളുടെ പെൺമക്കളെ ആൺമക്കളെക്കാൾ കൂടുതൽ സ്നേഹി ക്കുക, വാത്സല്യപൂർവ്വം വളർത്തുക. വിശുദ്ധഖുർആൻ പറയുന്നു. **“വിധി നാളിൽ ജീവനോടെ കുഴിച്ചുമൂട പ്പെട്ട പെൺകുട്ടി ചോദിക്കുന്നതാണ്, എന്തുകുറ്റത്തിനാണ്, എന്നെ കൊല ചെയ്തത് ?”** 81:9-10. അങ്ങനെ, സർവ്വ ശക്തന്റെ മുമ്പിൽ, അവളെ കൊന്നവർക്കെതിരിൽ അവൾക്ക് തന്നെ തെളിവു സമർപ്പിക്കുവാൻ കഴി യുന്നു. അല്ലാഹുവിന്റെ നിരപരാധിയായ ജീവി, അവരുടെ ദുരഭിമാനത്തിന്റെ മുമ്പിൽ കൊലചെയ്യപ്പെട്ടവൾ!

നാം ഇന്ന് എന്താണ് കാണുന്നത് ? പെൺമക്കളെ ഇന്ന്, പദാർത്ഥത്തിൽ, കൊലചെയ്യപ്പെടുന്നില്ല, മണ്ണിൽ മറവു ചെയ്യുന്നതുമില്ല. എന്നാൽ രക്ഷിതാക്കൾ അവരുടെ മക്കളുടെ മേലുള്ള നിയന്ത്രണ ചരട് വിട്ടു കളഞ്ഞിരിക്കുന്നു. വിശിഷ്യാ പെൺകുട്ടികൾ, അവരിന്ന് അനിസ്ലാമിക വസ്ത്രധാരണം നടത്തി, പൊതു രംഗത്ത് വരുവാനുള്ള സ്വാതന്ത്ര്യം നൽകപ്പെട്ടിരിക്കുന്നു. അവരുടെ പുത്രിമാർ പുറംജോലിക്കായി പോകു മ്പോൾ, അവർ മറ്റ് വിശ്വാസങ്ങളിൽപ്പെട്ട ആൺകുട്ടികളുമായി ഇടപഴകുവാനുള്ള അവസരം ഉണ്ടാകുന്നു. അങ്ങനെ ഈ പെൺകുട്ടികൾ, അല്ലാഹുവിന്റെ പാതയിൽ നിന്നും അകന്നു പോകുന്നു; സത്യവാന്മാരുടെ പാതയിൽ നിന്നും അകന്നുപോകുന്നു. (അവരെ വിവാഹം കഴിക്കുന്നതിലൂടെ!) അല്ലാഹു വീണ്ടും മാനവ കുലത്തോട് കൽപ്പിക്കുന്നു. **“ദാരിദ്ര്യം ഭയന്ന് നിങ്ങളുടെ സന്താനങ്ങളെ നിങ്ങൾ കൊല്ലരുത്. അവർക്കും നിങ്ങൾക്കും നാം ആണ് ആഹാരം നൽകുന്നത്, തീർച്ചയായും അവരെ കൊല്ലുന്നത് ഗുരുതരമായ പാപമാകു ന്നു. ”** 17:32

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ ഇളയമകളായിരുന്നു ഫാത്വിമ (റ). അവരുമായുള്ള നബി കരീമിന്റെ ഇടപെടൽ, മാനവസമുദായത്തിന്, പിതൃസ്നേഹം എങ്ങനെയായിരിക്കണമെന്നുള്ളതിന്റെ ഏറ്റവും നല്ല മാതൃകയാണ്. പല സന്ദർഭങ്ങളിലും അദ്ദേഹം പ്രഖ്യാപിച്ചിട്ടുണ്ട്. **"ഫാത്വിമ എന്റെ ഒരു ഭാഗമാണ്, ആരെങ്കിലും അവരെ ശല്യപ്പെടുത്തിയാൽ എന്നെ ശല്യപ്പെടുത്തിയതുപോലെയാണ്"** (മിഷ്കാത്ത്) അതുപോലെ പെൺകുട്ടികൾക്ക് പ്രത്യേക പരിഗണന നൽകണമെന്ന് അദ്ദേഹം തറപ്പിച്ചുപറയുകയുണ്ടായി. അദ്ദേഹം പറഞ്ഞു. **"നിങ്ങൾ കുട്ടികൾക്ക് കൊടുക്കുവാനായി എന്തെങ്കിലും കൊണ്ടുവന്നാൽ, ആദ്യം നിങ്ങൾ പെൺകുട്ടികൾക്ക് കൊടുക്കുക. കാരണം പെൺകുട്ടികൾ മാതാപിതാക്കളെ ആൺകുട്ടികളെക്കാൾ സ്നേഹിക്കുന്നു."** എന്നാൽ ഞാൻ നിർബന്ധമായും പറയേണ്ടതായിട്ടുണ്ട്, ഇക്കാലങ്ങളിൽ, ഇസ്ലാമിക അധ്യാപനങ്ങളിൽ നിന്നും വളരെയധികം അകന്നുപോയ പെൺമക്കളെ ഞാൻ കാണുന്നു; അവർക്ക് അവരുടെ മാതാപിതാക്കളോട് യാതൊരു സ്നേഹവുമില്ല. അവരെയൊട്ട് പരിഗണിക്കുന്നതുമില്ല, അവരെ വീട്ടിൽ, അവർ, അവഗണിച്ചിട്ടിരിക്കുകയാണ്. **(2) ഭാര്യ എന്ന നിലയിൽ :-** രണ്ട് പാർട്ടികൾ തമ്മിൽ നടത്തുന്ന ഒരു സിവിൽ ഉടമ്പടി പോലെയുള്ള ഒരു സിവിൽ ഉടമ്പടിയാണ് ഇസ്ലാമിലെ വിവാഹ നിയമം. കരാറിലെ വ്യവസ്ഥ പ്രകാരം, ഇരുപാർട്ടികളും, പുരുഷനും സ്ത്രീയും, ഒരേ നിലവാരത്തിൽ തന്നെയാണ്. ഓരോ പാർട്ടിക്കും ചില അവകാശങ്ങളും ഉത്തരവാദിത്വങ്ങളുമുണ്ട്. ഓരോ കരാറിലും നീതി പാലിക്കേണ്ടതിന്റെ ആവശ്യകത ഇസ്ലാം ഊന്നി പറയുന്നു. അതുകൊണ്ട് തന്നെ വിവാഹ കാര്യത്തിലും നീതി പാലിക്കേണ്ടത് അനിവാര്യമാണ്. വിശുദ്ധ ഖുർആൻ പറയുന്നു. **"അവർക്ക് (സ്ത്രീകൾക്ക് പുരുഷന്മാരോട്) ചില ബാധ്യതകൾ ഉള്ളതുപോലെ തന്നെ മര്യാദയനുസരിച്ച് (പുരുഷന്മാരിൽ നിന്ന്) ചില അവകാശങ്ങൾ അവർക്ക് (സ്ത്രീകൾക്ക്) ലഭിക്കേണ്ടതുമുണ്ട്"**

തൊഴിൽ വിഭജന തത്വപ്രകാരം, ഇരുവർക്കും ജോലി വിഭജിക്കേണ്ടതാണ്. സ്ത്രീ ജനം തങ്ങളുടെ കുഞ്ഞുങ്ങളുടെ സംരക്ഷണം അവർ വളരുന്നതുവരെ, പ്രകൃത്യാ ഏറ്റെടുക്കേണ്ടതാണ്. കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനായി, വളർച്ചയ്ക്കായി പ്രയത്നിക്കേണ്ടതിനാൽ, അവരുടെ ഭക്ഷണകാര്യങ്ങൾക്കുള്ള മാർഗ്ഗം അവർക്ക് കണ്ടെത്തുവാൻ കഴിയില്ല. അപ്പോൾ, പുരുഷന്മാർ, കുടുംബകാര്യങ്ങളുടെ നടത്തിപ്പ് ഉത്തരവാദിത്വം, പ്രകൃത്യാ, അവർക്കുള്ളതാണ്. ഭാര്യയ്ക്കുള്ള ചെലവുകളും, വീട്ടിൽ വേണ്ട മറ്റു കാര്യങ്ങളും അവൻ നിർവ്വഹിക്കേണ്ടതാണ്. ആയതിനാൽ സ്ത്രീക്ക് പുറമേ ഒരു ജോലി ഏറ്റെടുക്കേണ്ടി വരില്ല; എന്നാൽ അവരുടെ സാമ്പത്തിക സ്ഥിതി, അവളുടെ സംഭാവനയും ആവശ്യപ്പെടുന്ന തരത്തിലാണെങ്കിൽ, അപ്പോൾ പുറമെ ജോലി ചെയ്യുന്നതിൽ നിന്നും ഇസ്ലാം അവരെ വിലക്കുന്നില്ല. എന്നാൽ അവരുടെ പ്രകൃത്യായുള്ള ഉത്തരവാദിത്വങ്ങൾ അവഗണിക്കുവാൻ പാടില്ല. അതായത് ഭാര്യ എന്ന നിലയിലും, മാതാവ് എന്ന നിലയിലും കുടുംബാംഗങ്ങൾക്കുള്ള ആഹാര കാര്യത്തിലും, കുടുംബത്തിലെ മറ്റ് പ്രവർത്തനങ്ങളിലും അവരുടെ പങ്ക് നിറവേറ്റേണ്ടതാണ്. ചുരുക്കി പറഞ്ഞാൽ, ഒരു മുസ്ലീം കുടുംബം എന്ന് പറഞ്ഞാൽ, ഭർത്താവ് അവിടുത്തെ വിദേശകാര്യമന്ത്രിയും ഭാര്യ ആഭ്യന്തര കാര്യമന്ത്രിയുമായിരിക്കണം. പ്രവാചകൻ (സ) പറഞ്ഞു. **"ഒരു സ്ത്രീ അവളുടെ വീട്ടിലെ റാണിയാണ്"** വിശുദ്ധ ഖുർആൻ ഭാര്യയുടെ സ്ഥാനത്തെക്കുറിച്ച് വിവരിക്കുന്നു. **"അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്, നിങ്ങൾക്ക് നിങ്ങളുടെ വർഗ്ഗത്തിൽ നിന്നുതന്നെ അവൻ ഇണകളെ സൃഷ്ടിച്ചത്, നിങ്ങൾ അവരോട് കൂടിച്ചേർന്ന് മനസ്സമാധാനം കൈവരുത്തുവാൻ വേണ്ടി. എന്നിട്ട് നിങ്ങളുടെ ഇടയിൽ അവൻ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തു എന്നതും (അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്.) ചിന്തിക്കുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്."** 30:22 പ്രവാചകൻ (സ) പറഞ്ഞു. **"ദീനിലെ പരിപൂർണ്ണ വിശ്വാസി, ഏറ്റവും നല്ല ധാർമ്മികത പുലർത്തുന്നവനാണ്. നിങ്ങളിൽ ഏറ്റവും ഉത്തമൻ നിങ്ങളുടെ ഭാര്യമാരോട് കാരുണ്യത്തോടെ വർത്തിക്കുന്നവനാണ്." ഹജ്ജത്തുൽ വദാഅ്ൽ നബികരീം (സ) വീണ്ടും സ്ത്രീ ജനത്തോട് ഏറ്റവും നല്ല നിലയിൽ പെരുമാറുവാൻ കൽപ്പിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു. ഹേ മനുഷ്യരെ ! നിങ്ങൾക്ക് നിങ്ങളുടെ സ്ത്രീകളിൽ ചില അവകാശങ്ങളുണ്ട് എന്നത് സത്യമാണ്. എന്നാൽ അവർക്കും ചില അവകാശങ്ങൾ നിങ്ങളിൽ നിന്നുണ്ട്. ഓർക്കുക ! നിങ്ങൾ അവരെ നിങ്ങളുടെ ഭാര്യമാരായി സ്വീകരിച്ചിരിക്കുന്നു. അല്ലാഹുവിനോട് നിങ്ങൾ ചെയ്ത കരാറിന്റെയും അവന്റെ അനുവാദത്തിന്റെയും അടിസ്ഥാനത്തിൽ ! നിങ്ങളുടെ അവകാശങ്ങൾ, അവർ പാലിക്കുന്നവരാണെങ്കിൽ, അപ്പോൾ നിങ്ങൾ അവർക്ക് ഭക്ഷണം നൽകുകയും, വസ്ത്രം നൽകുകയും കരുണയോടെ വർത്തിക്കുകയും ചെയ്യേണ്ടതാണ്. നിങ്ങളുടെ സ്ത്രീകളോട് നിങ്ങൾ നല്ല നിലയിൽ പെരുമാറുക. അവരോട് ദയാപൂർവ്വം വർത്തിക്കുക. കാരണം അവർ നിങ്ങളുടെ പങ്കാളികളാണ്, സമർപ്പിത സഹായികളുമാണ്."** ഈ സ്ത്രീജന സംരക്ഷകന്റെ സന്ദേശം പ്രബോധിക്കുന്നതിന് മുമ്പ്, പുരുഷന്മാർ എത്ര ഭാര്യമാരെ വിവാഹം കഴിക്കണമെന്നതിന് യാതൊരു നിയന്ത്രണവുമില്ലായിരുന്നു. ഇസ്ലാം ഒരു പരിധി നിശ്ചയിച്ചു. ബഹു ഭാര്യാത്വം അനുവദിച്ചു. ഒരു സമയം നാല് ഭാര്യമാർ വരെയാകാം. വ്യഭിചാരം ഇല്ലായ്മ ചെയ്യുവാനുള്ള ആശയമാണത്, ബഹുഭാര്യാത്വം അനുവദിക്കപ്പെടുന്നത്, നിയമവിധേയമല്ലാത്ത

ലൈംഗികത അവസാനിപ്പിക്കുവാൻ പ്രയാസമായ സ്ഥലത്തും, അഥവാ അസാധ്യമാണ് എന്ന് പറയുന്നതാണ് ശരി, പൊതു സമൂഹത്തിന്റെ ആരോഗ്യ താൽപര്യം പരിഗണിച്ചും, ഏക ഭാര്യാവ്രതം കർശനമാക്കുവാൻ സാധിക്കാത്ത വിധം ഇത് നടപ്പിലാക്കേണ്ടി വരും. മനുഷ്യ ജീവിതത്തിലെ രണ്ട് പ്രത്യേക സന്ദർഭങ്ങളിൽ ബഹുഭാര്യാത്വം അനിവാര്യമാകുന്നതാണ്. ഉദാഹരണത്തിന്, വിവാഹം ഫലദായകമല്ല എന്ന് തെളിയുമ്പോൾ, ഭർത്താവിന് കഴിവുണ്ടായിരിക്കെ, മിക്ക കേസുകളും അപ്രകാരമാണ്, നന്മയുടയും തെളിമയുടെയും പാതയിലൂടെ, ഒരു രണ്ടാം വിവാഹം അനുവദിക്കാവുന്നതാകുന്നു. മറ്റൊരു സന്ദർഭം സ്ത്രീകൾ സമൂഹത്തിൽ കൂടുതലാകുമ്പോൾ, അത് സംഭവിക്കുന്നത് യുദ്ധത്തിൽ പുരുഷന്മാർ കൂടുതലായി മരണപ്പെടുമ്പോൾ, മനുഷ്യ സമുദായത്തെ ചതിയിൽ നിന്നും വംശനാശത്തിൽ നിന്നും രക്ഷിക്കുന്നതിനായി ഒന്നിൽ കൂടുതൽ വിവാഹം അനുവദിക്കപ്പെടുന്നു. വിശുദ്ധഖുർആൻ ഒരു സമയം ഭാര്യമാരുടെ എണ്ണം നാലായി പരിമിതപ്പെടുത്തിയിരിക്കുന്നു. അവർക്കിടയിൽ സമ്പൂർണ്ണമായ സമത്വവും നീതിയും നടപ്പിലാക്കണമെന്നും അനുശാസിക്കുന്നുണ്ട് **“അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതി പാലിക്കാൻ ആവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം നിങ്ങൾക്ക് നന്നായി തോന്നുന്ന (മറ്റ്) സ്ത്രീകളിൽ നിന്ന് രണ്ട് വീതമോ, മൂന്ന് വീതമോ, നാല് വീതമോ നിങ്ങൾ വിവാഹം ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ ഒരു സ്ത്രീയെ (മാത്രം വിവാഹം ചെയ്യുക)”** 4:4

വിവാഹ ഉടമ്പടിയുടെ വ്യവസ്ഥകൾ വിവാഹം നടത്തുന്നവർ തമ്മിൽ ഉണ്ടാക്കേണ്ടതാണ്. ഇസ്ലാമിക അധ്യാപനമനുസരിച്ച്, ഒരു വശത്ത്, ഭർത്താക്കന്മാർക്ക് വിവാഹമോചനം നടത്തുന്നതിനുള്ള അവകാശമുണ്ട്; ഭാര്യമാർക്ക് അവരുടെ വിവാഹ മൂല്യവും ജീവനാംശവും നിശ്ചയിക്കുവാനുള്ള അവകാശമുണ്ട്, അവർക്കും ഭർത്താക്കന്മാരിൽ നിന്നും, ആവശ്യമെങ്കിൽ വേർപെടുന്നതിനുള്ള അവകാശമുണ്ട്. വിവാഹ സമയത്തുള്ള ഉടമ്പടി എല്ലാ കാര്യങ്ങളും പരിഗണിച്ച് വിശ്വാസത്തോടെയും, ഭക്തിയോടെയും തയ്യാറാക്കിയാൽ, രണ്ട് പാർട്ടികളും പ്രായോഗികതലത്തിൽ തുല്യ നിലയിൽ ആയിരിക്കുന്നതും, സ്ത്രീജനം ഒരു രീതിയിലും ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരുന്ന യാതൊരു സാധ്യതയും അവശേഷിക്കുന്നില്ല.

**ഇസ്ലാം നീതി, സമത്വം, ഋജുമാർഗ്ഗം ഇവ കൽപ്പിക്കുന്നു. ആയതിനാൽ മുസ്ലീങ്ങൾ എന്ന് അവകാശപ്പെടുന്നവർ ഇസ്ലാമിക തത്വങ്ങൾ ആചരിക്കുന്നില്ലെങ്കിൽ, അപ്പോൾ അത് അവരുടെ തെറ്റാണ്. അതിന് ഇസ്ലാമിന്റെ പേരിൽ ഒരു കുറ്റവും ആരോപിക്കാവതല്ല. ഇന്ന് ജനങ്ങൾ ബഹുഭാര്യാത്വ അനുവാദത്തെ ദുരുപയോഗപ്പെടുത്തുന്നുവെങ്കിൽ, അവരുടെ അമിത ലൈംഗികതയെ മറച്ച് വയ്ക്കുവാൻ ശ്രമിക്കുന്നുവെങ്കിൽ, ഇസ്ലാമിന്റെ നിയമമറവിൽ, അത് അവരുടെ തന്നെ കുറ്റമാണ്. അവർ അതിശക്തമായ ശിക്ഷ അർഹിക്കുന്നവരാണ്. എല്ലാം അറിയുന്നവനായ അല്ലാഹുവിന്റെ കോടതിയിൽ നിന്ന് ! അവൻ എല്ലാ ഹൃദയങ്ങളിലുള്ളതും അറിയുന്നവനാണ് ! നിശ്ചയം അല്ലാഹു ഋജു വഴിയും നന്മയും തന്റെ ദാസന്മാർക്ക് അനുഗ്രഹമായി നൽകുന്നു. അതിനുള്ള വഴിയും മാർഗ്ഗവും അവർ സൂക്ഷിക്കട്ടെ അല്ലാഹുവിന്റെ നേർപാതയിൽ!**

ഞാൻ നിർത്തുന്നു അടുത്ത ആഴ്ച ഇതേ വിഷയം തുടരുന്നതാണ്. ഇൻശാ അല്ലാഹ്. അല്ലാഹു (ത) സ്ത്രീജനത്തെ അനുഗ്രഹിക്കട്ടെ ! അവരില്ലാതെ പുരുഷന്മാർ അപൂർണ്ണരാണ്. അവരില്ലാതെ പുതുതലമുറകൾ വരില്ലാ. അവരുടെ മാതാപിതാക്കളുടെയും അവരുടെ ഇണകളുടെയും, അവരുടെ കുട്ടികളുടെയും, ഇസ്ലാമിന്റെ വഴിയിലും, അല്ലാഹുവിന്റെ മാർഗ്ഗത്തിലും അവർ വിലപ്പെട്ട സമ്പാദ്യമായി തീരട്ടെ. നമുക്കവരെ വിനയത്തോടെ, സൂക്ഷമതയോടെ, ഔദാര്യത്തോടെ സ്വീകരിക്കാം. ആമീൻ.


Translated & Issued By

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
Ph: 9447001832 / 0475 2220223 / 8547299180
email : jamal.raother@gmail.com
www.jamaat-Ul-Sahih-Al-Islam.com